# പത്രക്കുറിപ്പ്

**ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ്( സ്പെഷ്യൽ റിക്രൂട്ട്മെന്റ്-പട്ടികവർഗ്ഗ വിഭാഗത്തിനു മാത്രം) – തിരുത്തൽ വിജ്ഞാപന അറിയിപ്പ് പത്ര/ദൃശ്യ/ശ്രവ്യ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്.**

വിവിധ വകുപ്പുകളിൽ ലാസ്റ്റ്ഗ്രേഡ് സർവ്വന്റ്സ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ മാത്രം ) തസ്തികയിലേക്ക് കാറ്റഗറി നമ്പർ –339/2019 ആയി 11.12.2019 ലെ ഗസറ്റിൽ തിരുവനന്തപുരം , കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം , തൃശ്ശൂർ , പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ , കാസറഗോഡ് ജില്ലകളിലേക്ക് പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാനതീയതിക്ക് മുമ്പ് മിലിട്ടറി ഗ്രാജ്വേഷൻ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളതും, വിജ്ഞാപന സമയത്ത് ഒറ്റത്തവണ രജിസ്ട്രേഷൻ മുഖേന അപേക്ഷിക്കാൻ കഴിയാത്തതുമായ വിമുക്ത ഭടന്മാരായ പട്ടിക വർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികൾക്ക് 11.12.2019– ലെ ഗസറ്റ് നിർദ്ദേശങ്ങൾക്ക് അനുസരിച്ചുള്ള മറ്റ് യോഗ്യതകൾ നേടിയിട്ടുണ്ടെങ്കിൽ മുകളിൽ പറഞ്ഞ തസ്തികയ്ക്ക് ഏതെങ്കിലും ഒരു ജില്ലയിൽ അപേക്ഷിക്കാവുന്നതാണ്. **അപേക്ഷ സ്വീകരിക്കുന്നത് 01.12.2020 മുതൽ 12.12.2020 അർദ്ധരാത്രി 12 മണിവരെ മാത്രമാണ്. അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് 12.12.2020 വരെ പരീക്ഷ എഴുതുന്നതിനുള്ള സ്ഥിരീകരണം (Confirmation) നൽകാവുന്നതാണ്.**

15.01.2020– തീയതിക്കോ അതിനു മുമ്പോ മിലിട്ടറി ഗ്രാജ്വേഷൻ സർട്ടിഫിക്കറ്റ് നേടിയ വിമുക്ത ഭടന്മാരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മാത്രമേ മേൽപ്പറയുന്ന കാലയളവിൽ അപേക്ഷിക്കാൻ അർഹതയുള്ളൂ. ഇതിന് വിരുദ്ധമായി സമർപ്പിക്കപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.